# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 17/01/14

(14 RABI'UL AWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

**<u>പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) സമ്പൂർണ്ണ മാതൃകാപുരുഷൻ</u>**

നമ്മുടെ പ്രിയങ്കരനായ പ്രവാചകൻ മുഹമ്മദ് (സ) ന്റെ ജീവിതത്തെകുറിച്ച് ഞാൻ ബുധനാഴ്ച രാത്രി സംസാരിക്കുകയുണ്ടായി. ഇന്ന് ഞാൻ നബികരിം (സ) ന്റെ സമ്പൂർണ്ണ ജീവിത മാതൃകയെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. അതേ രീതിയിൽ പിന്തുടരാൻ പ്രയാസമാണെങ്കിലും, ആ ജീവിത മാതൃകയുടെ നിഴലായിമാറാൻ സാധിക്കുന്നതാണ്, ഒരു പ്രതിബിംബമായി മാറുവാൻ സാധിക്കുന്നതാണ്.

സമ്പൂർണ്ണതയുടെ ഉത്തുംഗസോപാനത്തിൽ എത്തിചേർന്ന ഒരേ ഒരു മനുഷ്യൻ, ദൈവീക പ്രവാചകൻ, അത് മുഹമ്മദ് മുസ്തഫ (സ.അ) മാത്രമാണ്. ആ മഹത്വ പൂർണ്ണമായ സ്ഥാനം മനുഷ്യപ്രകൃതിയുമായി യോജിക്കുന്നതും സൃഷ്ടാവായ അല്ലാഹുമായി പൊരുത്തപ്പെടുന്നതുമാണ്. ആ പുണ്യാത്മാവിന് ലഭിച്ച ദൈവീക വെളിപാടാകുന്ന വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) അദ്ദേഹത്തോട് ജനങ്ങളോട് പറയുവാൻ പറയുന്നു.

**"പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു സർവ്വഥാപൊറുക്കുന്നവനും കരുണാമയനുമാകുന്നു."** (3:32)

**<u>വിശുദ്ധ ഖുർആന്റെ ഔദ്യോഗിക പ്രഖ്യാപനം.</u>**

വിശുദ്ധ ഖുർആന്റെ ഔദ്യോഗിക പ്രഖ്യാപനം വളരെ വ്യക്തമാണ്. അല്ലാഹുവിന്റെ വഴിയിൽ സഞ്ചരിക്കുന്നതിന് ഒരു വ്യവസ്ഥ നിശ്ചയിച്ചിരിക്കുകയാണ്. ആ വ്യവസ്ഥ അല്ലാഹുവിനെ അനുസരിക്കുക. അവന്റെ ദൂതനെയും അനുസരിക്കുക. അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുകയും അത് പ്രവർത്തിപഥത്തിൽ കാണിച്ചുകൊടുക്കുകയും ചെയ്യുക എന്നത് ഒരു പ്രവാചകന്റെ ധർമ്മമാണ്. ചരിത്രപരമായി ധാരാളം തെളിവുകൾ നിരത്തുവാൻ കഴിയും. പ്രവാചക പ്രഭുവായ മുഹമ്മദ്(സ) നെ മാതൃകാ പുരുഷനായി സ്വീകരിച്ചുകൊണ്ട്, തങ്ങളുടെ ജീവിതം സംസ്കരിച്ച അനേകം ആളുകളെ നമുക്ക് കാണാൻ കഴിയും. അവർ അജ്ഞതയുടെയും, മ്ലേച്ഛതയുടെയും, ദാരിദ്ര്യത്തിന്റെ ഗർത്തത്തിൽ നിന്ന് മോചനം നേടി, കലയുടെയും, ശാസ്ത്രത്തിന്റെയും, ധാർമ്മികതയുടെയും, സാമൂഹ്യനന്മയുടെയും സോപാനങ്ങളിലേക്ക് ഉയരുന്നത് അത്ഭുതാവഹമായ കാഴ്ച തന്നെയാണ്. അങ്ങനെ അവർ ലോകനേതാക്കളായിമാറുന്ന അത്ഭുതാവഹമായ കാഴ്ച. അവർ ആർജ്ജിച്ചത്, ഭൗതിക നേട്ടങ്ങൾ മാത്രമായിരുന്നില്ല, മറിച്ച്, മതത്തിന്റെയും, ആത്മീയതയുടെയും, സത്യസന്ധതയുടെയും, പരിശുദ്ധതയുടെയും, ഔദാര്യത്തിന്റെയും ഉന്നതങ്ങളിൽ എത്തിചേർന്ന അവരെ കുറിച്ച് അല്ലാഹു താൻ തന്നെ വിശുദ്ധ ഖുർആനിൽ അവരെ പറ്റി പറയുന്നു.

**"തങ്ങളുടെ നാഥന്റെ സവിധത്തിൽ അവർക്കുള്ള പ്രതിഫലം എന്നെന്നും നിലനില്ക്കുന്ന ഉദ്യാനങ്ങളാണ്. അവയുടെ താഴോരത്തുകൂടെ അരുവികൾ ഒഴുകികൊണ്ടിരിക്കും, അവരതിൽ എന്നെന്നും വസിക്കുന്നവരായിരിക്കും. അല്ലാഹു അവരെ കുറിച്ച് സംതൃപ്തനായി അവർ അവനെ കുറിച്ചും സംതൃപ്തരായി. തന്റെ നാഥനെ ഭയപ്പെടുന്നവർക്കുള്ളതാണത്."** (98: 9)

മുഹമ്മദ് (സ) ന്റെ എത്രത്തോളം ഉദാഹരണങ്ങൾ (മാതൃകകൾ) നമ്മൾ പരിഗണിക്കുകയും അത് പ്രവർത്തിപഥത്തിൻ കൊണ്ടുവരുവാൻ ശ്രമിക്കുകയും ചെയ്യുന്നുവോ അത്രത്തോളം ആത്മീയാനഗ്രങ്ങളുടെ വാതിലുകൾ നമുക്കായി തുറക്കപ്പെടുകയും അങ്ങനെ നാം അല്ലാഹുവിന്റെ ഭക്തദാസരായി തീരു

കയും ഖാത്തമുന്നബിയ്യീൻ ആയ മുഹമ്മദ് മുസ്തഫ (സ) യുടെ യഥാർത്ഥ അനുയായികളായി തീരുകയും ചെയ്യുന്നതാണ്.

**മാനവകുലത്തിന് ഒരു മാതൃകാ പുരുഷൻ**

മാനവകുലത്തിന് ഒരു മാതൃകാ പുരുഷനെ അല്ലാഹു തെരഞ്ഞെടുത്തപ്പോൾ- മുസ്ലിംകൾക്ക് മാത്രമല്ല എന്ന് വ്യക്തം-ഒരു സത്യം അവശേഷിക്കുന്നു. ആ മാതൃകാ പുരുഷന്റെ മാതൃക എല്ലാകാലത്തേക്കും സംരക്ഷിക്കപ്പെടേണ്ടതാണല്ലോ. ജനങ്ങൾ തങ്ങളുടെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ലക്ഷ്യമിടുന്ന ആ പരിപൂർണ്ണതയുടെ പ്രാതിനിധ്യം ഉണ്ടാകേണ്ടതും ആവശ്യമാണ്.

പരിശുദ്ധ ദീനുൽ ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) യ്ക്കു മുമ്പുകഴിഞ്ഞു കടന്നു പോയ പ്രവാചകന്മാരെല്ലാം മാനവകുലത്തിന് മകുടോദാഹരണമായ പ്രവചകനായകൻ മുഹമ്മദ് (സ) ന്റെ ആഗമനത്തെ കുറിച്ച് പ്രവചനങ്ങൾ നടത്തിയിട്ടുള്ളതാകുന്നു.പ്രപഞ്ചനാഥന്റെ മുമ്പിൽ പരിപൂർണ്ണ സമർപ്പണം നടത്തുവാനുള്ള സന്ദേശവുമായി മാനവകുലത്തെ ആകമാനം അദ്ദേഹം ക്ഷണിക്കുകയുണ്ടായി. കഴിഞ്ഞു കടന്ന എല്ലാ പ്രവാചകന്മാരും യഥാർത്ഥ ദൈവവാദികളും സത്യാത്മാക്കളുമായിരുന്നു. മാനവകുലത്തിന്റെയും പ്രവാചക കുലത്തിന്റെയും മഹോന്നത സ്ഥാനത്ത് പരിപൂർണ്ണതയുടെ പ്രതീകമായി, അദ്ദേഹം ആഗതനായി. ആദ്യകാല ജീവിതം ദുഃഖമയമായിരുന്നു, എന്നാൽ അദ്ദേഹത്തിന്റെ വ്യക്തിത്വ രൂപീകരണത്തിന്റെ ചിത്രവും, അദ്ദേഹം എന്തായിതീരുമെന്നുള്ള കാഴ്ചപ്പാടും, തന്റെ നാല്പത് വയസ്സുവരെയുള്ള ജീവചരിത്രം വെളിച്ചം വീശുന്നു.

ഒരനാഥനായി ജീവിതമാരംഭിച്ചു. ജനനത്തിനുമുമ്പ് തന്നെ പിതാവ് മരണപ്പെട്ടു. വളർത്തു മാതാവിന്റെ കൈയിൽ വളർന്നു- തുടർന്ന് മാതാവിന്റെ സ്നേഹലാളനകൾ രണ്ട് വർഷം മാത്രം-അവരും മരണപ്പെട്ടു. കുട്ടിക്കാലം ആടുവളർത്തലായിരുന്നു. തന്റെ പിതൃസഹോദരന്റെ ആടുകൾ. അല്ലാഹുവിന്റെ ദൂതനായശേഷം മുൻകാലസ്മരണകൾ എന്ന നിലയിൽ ഇക്കാര്യങ്ങൾ അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. അതിനെ തുടർന്നു തന്റേതായനിലയിൽ കച്ചവടത്തിലേർപ്പെടുകയും, സത്യസന്ധമായ നിലയിൽ, തന്റെ ജീവിതാവിശ്യങ്ങൾക്കുള്ള വകകൾ കണ്ടെത്തുകയുമുണ്ടായി. ഹിറാഗുഹയിൽ ഏകാന്തവാസമനുഷ്ഠിച്ചു. അപ്പോൾ പ്രായം ഇരുപത്തി അഞ്ചു കഴിഞ്ഞിരുന്നു. അത് 40 വയസ്സ് വരെ തുടർന്നു. 40-ാം വയസ്സിൽ പ്രവാചകത്വ പദവിലഭിക്കുന്നു. തുടർന്നുള്ള 23 വർഷം ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ മഹത്തായ വിപ്ളവം. അങ്ങനെ അറേബ്യയുടെ നായകനായി മാറുന്നു. ഒരു പുതിയ ലോകക്രമം രൂപപ്പെടുത്തുന്നു. തന്റെ ജീവിത്തിൽ, വിജയശ്രീലാളിതമായ എല്ലാ അവസരങ്ങളിലും, തന്റെ ജീവിതത്തിലൂടെ ഉദാത്തമായ മാനുഷിക ഗുണങ്ങൾ അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. മനവചരിത്രം പരിശോധിച്ചാൽ അദ്ദേഹത്തിനു പകരം വെക്കാവുന്ന മറ്റൊരാളേയും കണ്ടെത്തുവാൻ സാധിക്കുകയില്ല.

പ്രവാചകത്വപദവിലഭിക്കുന്നതിനു മുമ്പ്, തദ്ദേശവാസികൾ, അദ്ദേഹത്തിന് അൽഅമീൻ (വിശ്വസ്തൻ) അസ്സാദിഖ് (സത്യസന്ധൻ) എന്നീ പേരുകൾ നല്കുകയുണ്ടായി. ഇതിനവരെ പ്രേരിപ്പിച്ചത് അദ്ദേഹത്തിന്റെ നിഷ്ക്കളങ്കത, സ്വഭാവ നൈർമല്യം, ഹൃദയ വിശുദ്ധി, ജോലിയോടുള്ള ഉത്തരവാദത്വം മുതലായ ഗുണങ്ങളായിരുന്നു. വിപത്ത് സമയത്ത് അദ്ദേഹത്തെ അങ്ങേയറ്റം ക്ഷമാലുവായി കാണപ്പെട്ടു. അദ്ദേഹം നിഷ്ക്കളങ്കതയോടെ, സന്തോഷപുരസ്സരം, സൃഷ്ടാവിനോട് നന്ദിരേഖപ്പെടുത്തിയിരുന്നു. അറേബ്യയുടെ ഭരണാധികാരിയായിമാറിയപ്പോൾ, രാഷ്ട്രങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾക്കുള്ള മധ്യസ്ഥൻ എന്ന നിലയിലും, അദ്ദേഹത്തിനു പണമായും, സാധനങ്ങളായും ലഭിച്ച ഉപഹാരങ്ങൾ, സ്വർണ്ണം,സ്വർണ്ണാഭരണങ്ങൾ, ഇവകൾ കൊണ്ട് ഭണ്ഡാരം നിറഞ്ഞുകവിഞ്ഞു. എല്ലാം എല്ലാം അദ്ദേഹത്തിന്റെ ഉത്തരവിൻ കീഴിലായിരുന്നു. രാജകീയ ജീവിതത്തിനുള്ള എല്ലാ സാധനസാമഗ്രികളുടെയും അധിപനായി മാറി. എന്നാൽ ഐഹിക ലോകത്തിലെ ഈ ആഡംബരങ്ങളെ അദ്ദേഹം ഉപേക്ഷിച്ചു, ശാന്തഗംഭീരമായ ഒരു സാധാരണ ജീവിതമാണ് നയിച്ചത്. കിരീടം വെയ്ക്കാത്ത അറേബ്യയുടെ രാജാവാണ് എങ്കിലും, അല്ലാഹുവിന്റെ പരിപൂർണ്ണ പ്രതിനിധിയായി, ജനങ്ങൾക്കിടയിൽ ഒരു പാവപ്പെട്ടവനായി ജീവിച്ചു. അദ്ദേഹം തന്റെ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റി. അല്ലാഹു തന്നിലേല്പ്പിച്ച എല്ലാ കടമകളും നിറവേറ്റി. മറ്റുള്ളവരുടെ വിചാരവികാരങ്ങളെ പരിഗണിച്ചും, ആദരിച്ചുമാണ് തന്നിൽ നിക്ഷിപ്തമായ എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റിയത്.

തന്റെ ശത്രുക്കളോടും , യുദ്ധ തടവുകാരോടും നല്ലരീതിയിൽ വർത്തിക്കുകയും, ജീവിതത്തിൽ അവരുടെ വഴി തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കുകയുമുണ്ടായി. ഭരണാധികാരി എന്ന നിലയിലും പരമോന്നതനീതിമാൻ എന്ന നിലയിലും അധികാര സംക്രമണത്തിലൂടെ, തന്നിൽ വന്നുചേർന്ന, വൈവിദ്ധ്യമാർന്ന ഉത്തരവാദിത്വങ്ങൾ തത്വാധിഷ്ഠിതമായി നിറവേറ്റുകമാത്രമല്ല, മറിച്ച്, സമൂഹത്തിലെ താഴെക്കിടയിലുള്ളവരുടെ ആവലാതികളും, വേവലാതികളും കേൾക്കുകയും, സ്നേഹമസൃണമായ നിലയിൽ അവയ്ക്ക് പരിഹാരം കാണുകയുണ്ടായി.

**<u>പീഢനങ്ങൾ</u>**

പ്രവാചകനും അനുയായികളും ഭയാനകമായ രീതിയിൽ പീഡനങ്ങൽക്കിരയായിട്ടുണ്ട് എന്ന വസ്തുതയെപ്പറ്റി നിങ്ങൾ ബോധവാൻമാരാണോ? അവരിൽ ചിലർ കൊലചെയ്യപ്പെട്ടു. മദീനയിലേക്ക് ഹിജ്റ പോകുന്നതിനുമുമ്പുള്ള 13 വർഷക്കാലം മക്കയിൽ അവർ കൊടിയ പീഡനങ്ങൾക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ട്. നബീകരീം(സ) ന്റെ മദീനയിലെ ആദ്യപ്രവർത്തി മദീനയിലെ ജൂദസമൂഹവുമായി പരസ്പരധാരണയിലേർപ്പെട്ടു എന്നുള്ളതാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ടകാര്യം എല്ലാ സമുദായങ്ങൾക്കും അവരവരുടെ ഇഷ്ട പ്രകാരം ആരാധനനടത്തുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പാക്കലായിരുന്നു.

മക്കാക്കാരുടെ മദീനയുടെ നേരെയുള്ള ആദ്യകടന്നാക്രമണത്തിൽ ബദ്റി ൽ വെച്ച് മക്കാസൈന്യത്തിന്റെ കമാണ്ടറായിരുന്ന, നബിയുടെ കഠിന ശത്രുവുമായിരുന്ന, അബൂജഹൽ, മുസ്‌ലിംകളുടെ കൈകളാൽ കൊല്ലപ്പെട്ടു എന്നുള്ളതാണ്. അബൂജഹ്ലിന്റെ പുത്രൻ ഇക്‌രിമ, ഇസ്‌ലാമിന്റെ മറ്റൊരു കഠിനശത്രു ഉഹ്ദ് യുദ്ധവേളയിൽ, മക്കയിലെ സൈനിക മേധാവികളിലൊരാളായിരുന്നു.

ആത്യന്തികമായി മക്കക്കാർക്കെതിരിൽ പ്രവാചകൻ (സ) ക്ക് അല്ലാഹു വിജയം നല്കിയപ്പോൾ, ഇക്ക്‌രിമ മക്ക ഉപേക്ഷിക്കുകയും, അബീസീനിയ ലക്ഷ്യമാക്കി പുറപ്പെടുകയും ചെയ്തു. ഇക്‌രിമയുടെ ഭാര്യ നബി (സ)സമീപിച്ചു ചോദിച്ചു. വിഗ്രഹാരാധനാ വിശ്വാസവുമായി ഇക്‌രിമയ്ക്ക് മക്കയിലേക്ക് സുരക്ഷിതമായി മടങ്ങിവരുവാൻ സാധിക്കുമോ ? പ്രവാചകൻ (സ) പറഞ്ഞു. വിശ്വാസം എന്നത് അന്തകരണവുമായി ബന്ധപ്പെട്ടകാര്യമാണ് ആ നിലയ്ക്ക് അന്തകരണം സ്വതന്ത്രവുമാണ്. ഇക്ക്‌രിമ മക്കയിലേക്ക് മടങ്ങിവന്നാൽ അദ്ദേഹത്തെ ഉപദ്രവിക്കുവാൻ പാടില്ല എന്ന് നബി (സ) നിർദ്ദേശിക്കുകയുണ്ടായി. സുരക്ഷിതമായി ജീവിക്കുവാനും താനാഗ്രഹിക്കുന്നത് വിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ഈ ഉറപ്പിൻമേൽ ഇക്‌രിമയുടെ ഭാര്യ അദ്ദേഹത്തെ പിന്തുടരുകയും മക്കയിലേക്ക് മടങ്ങിവരുവാൻ പ്രേരിപ്പിക്കുകയുമുണ്ടായി. ഇക്‌രിമ മടങ്ങി എത്തിയശേഷം നബി (സ) യുമായി നല്ലനിലയിൽ ബന്ധപ്പെടുകയും, തന്റെ ഭാര്യയ്ക്ക് നല്കിയ ഉറപ്പ് നേരിൽ ഉറപ്പാക്കുകയുമുണ്ടായി. പ്രവാചകൻ (സ) ൽ നിന്നും ലഭിച്ച ഉറപ്പിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുകയും, അദ്ദേഹത്തിന്റെ മഹാമനസ്ക്കതയിലും, ആത്മാർത്ഥതയിലും ഹഠാദാർകൃഷ്നായ ഇക്‌രിമ ഇസ്‌ലാം മതത്തെ അംഗീകരിക്കുകയുണ്ടായി. പ്രവാചകൻ (സ) ഇക്‌രിമയോട് ചോദിക്കുകയുണ്ടായി. ഇനി എന്തെങ്കിലും അങ്ങ് ആഗ്രഹിക്കുന്നുണ്ടോ? ഇക്‌രിമ മറുപടി പറഞ്ഞു. ഇസ്‌ലാമിനെ സ്വീകരിക്കുവാൻ തന്റെ ഹൃദയം തുറന്നുതന്നതിനേക്കാൾ വലിയ എന്ത് അനുഗ്രഹമാണ് എനിക്ക് അല്ലാഹുവിനോട് ചോദിക്കുവാനുള്ളത്. പ്രവാചകനോടും മുസ്‌ലിംകളോടും പുലർത്തിയ ശത്രുത വളരെ വലിയതെറ്റായിപ്പോയി. ആ തെറ്റുകൾ മാപ്പാക്കുവാനായി അങ്ങ് അല്ലാഹുവിനോട് ദുആ ചെയ്യണമെന്നപേക്ഷിക്കുകയുണ്ടായി. ഇക്‌രിമയുടെ ആഗ്രഹം അല്ലാഹു സ്വീകരിക്കുകയുണ്ടായി. ഇസ്‌ലാമിനു വേണ്ടി താമസിയാതെ അദ്ദേഹം രക്തസാക്ഷി ആവുകയുണ്ടായി.

തനിക്ക് ചുറ്റുമുള്ള ജനങ്ങൾ ആത്മീയമായും, വൈകാരികമായും തനിക്കെതിരെ തിരിഞ്ഞപ്പോൾ, ഇസ്‌ലാമിന്റെ പ്രവാചകൻ (സ) കാണിച്ച വിവിധ ഉദാഹരണങ്ങളിൽ ഒന്നാണ് മേൽ പ്രസ്താവിച്ചത്. സത്യവിശ്വാസികളോടും, സത്യാന്വേഷകരോടും, ശത്രുക്കളോടുപോലും, തങ്ങളുടെ നിലപാടുകൾ പുനപരിശോധിക്കുകയും സംസ്ക്കരിക്കുവാൻ തയ്യാറുള്ളവരുമായിട്ടും, അവരവരുടെ നിലവാരമനുസരിച്ച്, ഏറ്റവും, മഹനീയവും, ഉദാത്തവുമായ നിലപാടുകളാണ് പ്രവാചകൻ (സ) എടുത്തിട്ടുള്ളത്. മാനവസമൂഹത്തോട് സുന്ദരവും മനോഹരവും, നീതിപൂർവ്വവുമായ ഇസ്‌ലാമിന്റെ ഇടപെടൽ മനുഷ്യാവകാശങ്ങളുടെ അതുല്യമായ മാഗ്നാകാർട്ടയായി ലോക മനഃസാക്ഷിക്കു മുമ്പിൽ ഉയർന്നു നില്ക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ.അ) തന്റെ വിടവാങ്ങൽ ഹജ്ജ് സമ്മേളനത്തിൽ ലോകജനതയോട് ഉത്ഘോഷിച്ചു.

**വിടവാങ്ങൽ ഹജ്ജ് സമ്മേളന പ്രഖ്യാപനം**

**"അല്ലയോ ജനങ്ങളെ ഞാൻ പറയുന്നത് നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുവിൻ. ഇനിയുമൊരിക്കൽ നിങ്ങളെ അഭിമുഖീകരിക്കുവാനും ഞാനിന്നു നിങ്ങളോട് സംസാരിക്കുന്നതുപോലെ സംസാരിക്കുവാൻ കഴിയുമെന്നും ഞാൻ കരുതുന്നില്ല. നിങ്ങളുടെ ജീവനും മുതലും പരസ്പരം ആക്രമിക്കപ്പെടാതിരിക്കുമാറ് ന്യായവിസ്താരനാൾവരെ അല്ലാഹു പാവനമാക്കിയിരിക്കുന്നു. ഈ മാസം പരിശുദ്ധമായിരിക്കുന്നതുപോലെ, ഈ ഭൂമി പവിത്രമായിരിക്കുന്നതുപോലെ ഈ ദിനം പാവനമായിരിക്കുന്നതുപോലെ അല്ലാഹു നിങ്ങളെല്ലാവരുടെയും ജീവനും മുതലും പരിശുദ്ധമാക്കിയിരിക്കുന്നു."**

**"മാനവസമൂഹം ആദാമിൽ നിന്നും ഹവ്വയിൽ നിന്നുമാണ്. അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബിയെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ വെളുത്തവന് കറുത്തവനേക്കാളോ ശ്രേഷ്ഠത ഇല്ല. ദൈവഭക്തിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ശ്രേഷ്ഠതകല്പിക്കപ്പെടുന്നത്. മനസ്സിലാക്കുക ഓരോ മുസ്ലിമും മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. മുസ്ലിംകളെ ഒറ്റ സാഹോദര്യത്തിലാണ് രൂപവൽക്കരിച്ചിരിക്കുന്നത്."**

**മാനവരാശി ദൈവത്തിന്റെ ഇഷ്ടഭാജനങ്ങളാകട്ടെ**

ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ (സ) സാഹോദര്യത്തിനും, സമത്വത്തിനും, സഹനതയ്ക്കും, ലോകത്തിന്റെ മുമ്പിൽ കാണിച്ച അതുല്യ മാതൃക ഇതാണ്. ഈ മാതൃക പിന്തുടരുന്നതിൽ അദ്ദേഹത്തിന്റെ അനുയായികൾ ഒരു വിഴ്ചയും വരുത്തുവാൻ പാടില്ല. ആ പുണ്യപുരുഷന്റെ സമ്പൂർണ്ണതയുടെ ഒരു പ്രതിബിംബമെങ്കിലും ആകാൻ ശ്രമിക്കണം. അതിലൂടെ ദൈവീക സ്നേഹം ആർജിക്കുവാനും, സ്നേഹപുരസ്സരം, കൈയോട് കൈചേർന്ന് മാനവകുലത്തിനായി നിയോഗിച്ച ആ വന്ദ്യമാതൃകാപുരുഷന്റെ മാതൃക പിന്തുടരുവാൻ മാനവരാശിക്കു മുഴുവനും കഴിയട്ടെ! അദ്ദേഹം ലോകത്തിനു സമർപ്പിച്ച ദൗത്യം ഇതായിരുന്നു. മാനവരാശി ഈ സമ്പൂർണ്ണ അധ്യാപനങ്ങളെ പിന്തുടർന്ന്, ധാർമ്മിക നിഷ്ഠപുലർത്തി, ആത്മീയമായി ഉയർന്ന്, ദൈവത്തിന്റെ ഇഷ്ട പ്രജകളായി വിരാജിക്കട്ടെ.

**ഞങ്ങളുടെ പ്രാർത്ഥന**

ജമാഅത്തു സ്സഹീഹിൽ ഇസ്ലാമിലെ ഓരോ അംഗവും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന്റെ ഈ സമ്പൂർണ്ണ മാതൃക പിൻപറ്റുവാൻ അല്ലാഹു(ത) സഹായിക്കട്ടെ. അങ്ങനെ നമ്മൾ എല്ലാവരും നബികരിം (സ) ന്റെ ഏറ്റവും അടുത്ത അനുയായികളായി തീരട്ടെ! അല്ലാഹുവിന്റെ സ്നേഹവും അനുകമ്പയുമല്ലാതെ മറ്റൊന്നും പരിഗണിക്കപ്പെടാത്ത ദിനത്തിൽ ഖാന്നമുന്നബിയ്യീൻ ആയ മുഹമ്മദ് (സ) ന്റെ സ്നേഹവലയത്തിൽ പാർക്കുവാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ ഇൻശാ അല്ലാ. ആമീൻ.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പ്, ഇസ്ലാവിന്റെ മുഖ്യശത്രുക്കളെകുറിച്ചും, കഴിഞ്ഞ 8 വർഷമായി ബോധക്ഷയം ബാധിച്ച് കിടപ്പിലായ കഴിഞ്ഞ ആഴ്ച മരണപ്പെട്ട ഈ നൂറ്റാണ്ടിലെ ഇസ്ലാമിന്റെ ഏറ്റവും വലിയ ശത്രുക്കളിൽ ഒരുവനുമായ ഏരിയൽ ഷാരോണെകുറിച്ചും ഞാൻ നിങ്ങളോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു.

**ഇസ്ലാമിന്റെ ശത്രുക്കളും അവരുടെ പര്യവസാനവും**

കഴിഞ്ഞ 25 വർഷമായി, ഇസ്രായേലിന്, അമേരിക്കയിൻ നിന്ന് പ്രതിവർഷം 3 ബില്ല്യൺ യു.എസ്സ്. ഡോളർ (1 ബില്ല്യൺ അമേരിക്കയിലെ 100 കോടി ഡോളർ) ലഭിക്കുന്നുണ്ട്. ഈ തുകയിൽ നിന്ന് 2/3 ഭാഗവും (1.8 ബില്ല്യൺ) യുദ്ധായുധങ്ങളും, സാങ്കേതികവിദ്യയും അമേരിക്കയിൽ നിന്നു തന്നെ വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്.

ചുരുക്കത്തിൽ സാമ്പത്തിക സഹായമായി ഇസ്രായീലിന് ലഭിക്കുന്നത് 1.2 ബില്ല്യൺ യു.സ്സ്. ഡോളർ. യഥാർത്ഥത്തിൽ സഹായധനം ഇസ്റായീലിന് അനുവദിക്കുന്നത്, മുമ്പ് എടുത്തിട്ടുള്ള മിലിട്ടറി വായ്പതിരിച്ചടക്കുന്നതിനാണ്. ചുരുക്കത്തിൽ എഴുത്തുകളിയാണ് നടക്കുന്നത്. അമേരിക്കയിൽ നിന്ന് ഇസ്രായേലിലോക്ക് പണം പോകുന്നു. ആ പണം തിരികെ അമേരിക്കയിലേക്ക് വരുന്നു രസകരമായ കാര്യം കടംവാങ്ങിയവനു അനുവദിക്കുന്ന ക്രെഡിറ്റുകൾ, സംഭാവനകൾ തുടങ്ങിയവ കടത്തിനുള്ള പലിശ അടയ്ക്കു

ന്നതിനാണ് അനുവദിക്കുന്നത്.

അതേ സമയം, 11.2 മില്ല്യൺ അമേരിക്കക്കാർ ഭക്ഷ്യ സുരക്ഷ ഇല്ലാതെ അമേരിക്കയിൽ കഴിയുന്നു.

2002 ൽ മൂന്ന് കശാപ്പുകാർ (ബുഷ്, തന്റെ ഇസ്രായേലികൾ, ഇംഗ്ലീഷ് സഹായികൾ, ലോകത്തിലെ ശക്തരായ മറ്റു രാജ്യങ്ങൾ) സൈനിക കൂട്ടായ്മനടത്തി പലസ്തീനെയും, അവിടെയുള്ള സഹോദരി സഹോദരന്മാരെയും കുഞ്ഞുങ്ങളെയും കൊന്നൊടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അവരുടെ കൈകളാൽ ആയിരക്കണക്കിന് സഹോദരി സഹോദരന്മാർ രക്തസാക്ഷാകളാവുകയും കൊല്ലപ്പെടുകയും ചെയ്തു. ഇസ്രായേലീ ഭടന്മാരുടെ കൈകളാൽ അനേകം കുഞ്ഞുങ്ങൾ എല്ലാദിവസവും മരിച്ചുകൊണ്ടിരുന്നു.

അൽഅഖ്സാ പള്ളി ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ പള്ളിയാണ്, ഒന്നാംസ്ഥാനത്ത് മസ്ജിദുൽഹറം (മക്ക) യാണ്. രണ്ടാം സ്ഥാനത്ത്, മസ്ജിദുന്നബവി (മദീന). ഇന്നു നമുക്ക് മസ്ജിദുൽ അഖ്സയിൽ നമസ്കാരം നിർവ്വഹിക്കുവാൻ കഴിയുകയില്ല. കാരണം ഇസ്രായേൽ പട്ടാളക്കാർ വന്ന് മുസ്ലിംകളെ കൊന്നു കൊണ്ടിരിക്കുന്നു. അൽ അഖ്സാപള്ളി മോചിപ്പിക്കുന്നതിന് പലസ്തീൻ മുസ്ലീംകൾ ഇന്നും ഇസ്രായേലിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്.
അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു.

**"തന്റെ ദാസനെ മസ്ജിദുൽഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സയിലേക്ക്– അതിന്റെ പരിസരങ്ങളെ നാം അനുഗ്രഹീതമാക്കിയിരിക്കുന്നു. രാത്രിയിൽ പ്രയാണം ചെയ്യിച്ചവൻ എത്രയും പരിശുദ്ധൻ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിനു കാണിച്ചുകൊടുക്കുന്നതിനു വേണ്ടി. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു."**(17 : 2)

ഇസ്രായേലുകാർ പള്ളി നശിപ്പിക്കുകയും, നിരപരാധികളായ ജനങ്ങളെ കൊല്ലുകയും ചെയ്യുന്നു. ഓരോദിവസവും 100 കണക്കിന് പലസ്തീനികൾ മരിച്ചുവീഴുന്നു. നിസ്സംശയം ഒരു ദിവസം അല്ലാഹു ഈ മരണത്തിന്നെല്ലാം കണക്കുപറയിക്കുകതന്നെ ചെയ്യും.

2003 ലും 2004 ലും 2005 ലും , വളരെ വേദനയോടെ, ഈ കൊലകുറ്റവാളികൾക്കെതിരിൽ ഞാൻ അല്ലാഹുവിനോട് വളരെയധികം ദുആ ചെയ്യുകയുണ്ടായി. അപ്പോൾ ഇതിന്റെ ഉത്തരമെന്നനിലയിൽ അല്ലാഹു ഈ വിനീതനോട് പറയുകയുണ്ടായി അല്ലാഹുവിനെ സ്മരിക്കുന്നതിന് യാത്ര (സഫർ ദിക്ദുല്ലാഹ്) തുടരാൻ ആവശ്യപ്പെടുകയുണ്ടായി. സഫർ ദിക്ദുല്ലാ എങ്ങനെയാണ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളും നല്കുകയുണ്ടായി. അതായത് സഫർ ദിക്ദുല്ലാഹ് ന് എവിടെയാണ് പോകേണ്ടത് ? എങ്ങനെയാണ് പ്രതാനുഷ്ഠാനം വിർവ്വഹിക്കേണ്ടത് ? നിർബന്ധപ്രാർത്ഥനാവേളയിൽ എങ്ങനെയാണ് കഴിഞ്ഞു കൂടേണ്ടത്? നിർബന്ധ പ്രാർത്ഥനയ്ക്കതീതമായുള്ള പ്രർത്ഥനകൾ തുടങ്ങിയവയെപറ്റി മനസ്സിലാക്കിത്തരികയുണ്ടായി. ഈ പ്രാർത്ഥനകളിൽ മുഴുകുമ്പോൾ, മുസ്ലിംകൾക്കെതിരിൽ ഈ കുറ്റവാളികൾ ചെയ്ത തെറ്റുകൾക്ക്, കുറ്റങ്ങൾക്ക് അല്ലാഹു നടപടികൾ എടുക്കുകയും, അവരെ അപമാനത്തിലും നാശത്തിലും അകപ്പെടുത്തി , അല്ലാഹുവിൽ നിന്നുള്ള ശിക്ഷയാണെന്നുള്ള ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുന്നതാണ്.

ഏറ്റവും വലിയ കൊലയാളിയും അല്ലാഹുവിന്റെ ശത്രുവായ ജോർജ് ബുഷ്, പലസ്തീൻകാർക്കെതിരെ ചെയ്ത കുറ്റങ്ങൾ കഠിനകഠോരങ്ങളായിരുന്നു അതുപോലെ ഏരിയൽ ഷാരോൺ. ഒടുവിൽ ഒന്നും ചെയ്യാൻ കഴിയാതെ വിരസ ജീവിതം നയിച്ച, 8 വർഷക്കാലം അബോധാവസ്ഥയിൽ കഴിഞ്ഞ, 2014 ജനുവരി 11 ന് മരണപ്പെട്ട, ഇസ്രയേലിന്റെ മുൻഭരണത്തലവൻ . ഈ കുറ്റവാളികൾക്കെതിരിൽ അവന്റെ (അല്ലാഹുവിന്റെ) പ്രതികാരനടപടികൾ ഉണ്ടാകുന്നതാണ് എന്ന് അല്ലാഹു എന്നെ വെളിപാടിലൂടെ അറിയിക്കുകയുണ്ടായി. അനേക ദിവസങ്ങളിലെ പ്രാർത്ഥനകൾക്കും, ധ്യാനത്തിനുശേഷമാണ് (അതായത് സഫർ ദിക്റുല്ലാഹ് - ന് ശേഷമാണ് ഈ അറിയിപ്പ് ലഭ്യമായത്) അങ്ങനെ അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചു. ഏരിയൽ ഷാരോൺ 2006 ജനുവരി 4 ന് അബോധാവസ്ഥയിലേക്കാണ്ടു, അങ്ങനെ 8 വർഷക്കാലം ഈ നില തുടർന്നു. ഒടുവിൽ 2014 ജനുവരി മാസം 11-ാം തീയതി ഇസ്രായോൽ പ്രാദേശിക സമയം 2 മണിക്ക് മരണപ്പെട്ടു.

ഇവർ ചെയ്ത കുറ്റങ്ങൾ ഇന്നും നമ്മുടെ മനസ്സുകളിൽ ജീവിക്കുന്നു. ബുഷും, ബ്ളയറും, ഷാരോണും പോലുള്ള പ്രധാന കുറ്റവാളികൾ, അല്ലാഹുവിന്റെ കയ്യാൽ അപമാനങ്ങൾ ഏറ്റുവാങ്ങിയിരിക്കുന്നു. മുസ്‌ലിം ലോകത്തിന്നെതിരിൽ കൊടിയവെറുപ്പ് കാണിച്ച ഇവരെ, ഉൾക്കൊള്ളാൻ നമുക്കാവുന്നില്ല. ദൈവീക പ്രതികാരനടപടികളാൽ ഇവർ പിടിക്കപ്പെട്ടുവെങ്കിലും/ പുറത്താക്കപ്പെട്ടുവെങ്കിലും, തീർച്ചയായും മറ്റുബുഷ്മാരും, ബ്ളയർമാരും, ഷാരോൺമാരും മുസ്‌ലിം ലോകത്തിനെ തകർക്കുന്നതിന് തലഉയർത്തുന്നുണ്ട്. ചിലർ പരസ്യമായി രംഗത്തു വരുമ്പോൾ, മറ്റു പലരും വേഷപ്രച്ഛന്നരായിട്ടാണ് അടുക്കുന്നത്, അല്ലെങ്കിൽ മുസ്‌ലിംകളുടെ സ്നേഹിതരാണ് എന്ന് ഭാവിച്ച്, അവരുടെ ദൗർബല്യങ്ങൾ മനസ്സിലാക്കി, യാതൊരു തത്വദീക്ഷയുമില്ലാതെയാണ് ആക്രമിക്കുന്നത്.

അല്ലാഹുവേ! ലോകത്തെങ്ങുമുള്ള മുസ്‌ലിംകളായ ഞങ്ങളെ സഹായിക്കേണമെ! തുടർന്നുകൊണ്ടിരിക്കുന്ന ഈ യുദ്ധത്തിൽ ഞങ്ങളുടെ ശത്രുക്കളെ നശിപ്പിക്കേണമെ! അങ്ങനെയായാൽ സത്യം വിജയിക്കുകയും ഇസ്‌ലാമിന്റെ ശത്രുക്കൾ നശിക്കുകയും ചെയ്യുന്നതാണ്. ഞങ്ങളുടെ നാശത്തിനായി കാത്തിരിക്കുന്ന, ആഗ്രഹിക്കുന്ന മുസ്‌ലിംകളുടെ യഥാർത്ഥ ശത്രുക്കളായ, ഇസ്രായേലുകാരെ, തകർത്തു തരിപ്പണമാക്കേണമെനാഥാ! അല്ലാഹുവേ! ഞങ്ങളുടെ മുസ്‌ലിം സഹോദരിസഹോദരന്മാരെ, കുഞ്ഞുങ്ങളെ ചൂഷണം ചെയ്യുവാൻ അവരെ അനുവദിക്കരുതേ നാഥാ! പ്രാർത്ഥന സ്വീകരിക്കേണമെ നാഥാ, പ്രാർത്ഥന സ്വീകരിക്കേണമെ നാഥാ! സർവ്വലോക രക്ഷിതാവായ നാഥാ!


Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*